പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നംപർ.802 | 30.6.2011ൽ<br>മറുപടി നൽകേണ്ടിയിരുന്നത് |

## പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ:<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്:<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തിനകത്തും പുറത്തും സ്വകാര്യ വ്യക്തികൾക്കും, കമ്പനികൾക്കും പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ ഭൂമിയെ സംബന്ധിച്ച എല്ലാ വിവരങ്ങളും ക്രോഡീകരിച്ച് പ്രസിദ്ധപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| (ബി) തോട്ടകൃഷിക്ക് പാട്ടത്തിനു നൽകിയ ഭൂമി തുണ്ടു തുണ്ടാക്കി വ്യാജ പട്ടയങ്ങളുടെ മറവിൽ മറിച്ചു വിൽക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പാട്ട വ്യവസ്ഥകൾ ലംഘിക്കുന്ന സംഭവങ്ങൾ അപ്പപ്പോൾ കണ്ടെത്തുന്നതിനും, പാട്ടക്കരാർ റദ്ദാക്കി ഭൂമി തിരിച്ചെടുക്കുന്നതിനും ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ ; | (സി) പാട്ടക്കരാർ ലംഘിക്കുന്ന ഇത്തരം കേസുകൾ കണ്ടെത്തി പാട്ടക്കരാർ റദ്ദ് ചെയ്ത് ഭൂമി തിരിച്ചെടുത്ത് , സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് നിലവിലെ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അത്തരം കേസുകൾ കണ്ടെത്തി നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) പാട്ട വ്യവസ്ഥയിലോ, മറ്റേതെങ്കിലും കരാർ വ്യവസ്ഥയിലോ നൽകിയിട്ടുള്ള ഭൂമി സർക്കാർ അനുമതിയില്ലാതെ കൈമാറ്റം ചെയ്യാൻ നിയമം അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അത്തരം പാട്ട ഉടമകളെ കണ്ടെത്തി നടപടി സ്വീകരിക്കുമോ ; | (ഡി) പാട്ടവ്യവസ്ഥയിലോ മറ്റേതെങ്കിലും കരാർ വ്യവസ്ഥയിലോ നൽകിയിട്ടുള്ള ഭൂമി സർക്കാർ അനുമതിയില്ലാതെ കൈമാറ്റം ചെയ്യാൻ നിലവിലെ നിയമം അനുവദിക്കുന്നില്ല. ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ പാട്ടം റദ്ദു ചെയ്ത് സർക്കാർ അധീനതയിലെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| (ഇ) പാട്ടക്കുടിശ്ശിക ഇനത്തിൽ വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നുമായി 31.3.2011 വരെ എന്തു തുക പിരിഞ്ഞു കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു. |

| ജില്ല | പാട്ടക്കുടിശ്ശിക |
|---|---|
| തിരുവനന്തപുരം | 2,36,76,455.00 |
| കൊല്ലം | 39,88,827.00 |
| പത്തനംതിട്ട | 1,65,637.00 |
| കോട്ടയം | 1,21,211.00 |
| ആലപ്പുഴ | 7,14,883.00 |
| ഇടുക്കി | 3,34,78,896.00 |
| എറണാകുളം | 88,58,909.00 |
| തൃശ്ശൂർ | 24,07,08,465.00 |
| പാലക്കാട് | 12.00 |
| മലപ്പുറം | 2,46,821.00 |
| കോഴിക്കോട് | 2,03,08.088.00 |
| വയനാട് | 2,83,528.00 |
| കണ്ണൂർ | 3,13,574.00 |
| കാ.സർഗോഡ് | 11,906.00 |
| ആകെ | 33,28,77,212.00 |

Lijum

സെക്ഷൻ ഓഫീസർ